## അപേക്ഷകൻ വിവരങ്ങൾക്കുള്ള cost അടയ്ക്കാനായി ചെലവഴിക്കുന്ന ദിവസങ്ങൾ 30 ദിവസം എന്ന സമയപരിധിയിൽ നിന്നും കുറയ്ക്കാവുന്നതാണ്

വിവരങ്ങൾ നൽകാനായി തയ്യാറായാൽ ഫീസടയ്ക്കാനായി അപേക്ഷകന് അറിയിപ്പ് നൽകണം (9.05.2006 ലെ No.11259/Cdn.5/06/GAD നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം). ഇപ്രകാരം അറിയിപ്പ് നൽകുന്ന തീയതിമുതൽ അപേക്ഷകൻ പണമടയ്ക്കുന്ന തീയ്യതി വരെയുള്ള ദിവസങ്ങൾ 30 ദിവസം എന്ന സമയപരിധിയിൽ നിന്ന് കുറവ് ചെയ്യുന്നതാണ്.

ഉദാഹരണം: *സെപ്തംബർ ഒന്നാം തീയതി ഒരു അപേക്ഷ ലഭിച്ചു എന്നിരിക്കട്ടെ. വിവരത്തിനായി 50 രൂപ അടയ്ക്കണമെന്ന് സെപ്തംബർ 12 ന് പി.ഐ.ഒ. അപേക്ഷകന് കത്തയച്ചു എന്നും കരുതുക. ഇപ്പോൾ 30 ദിവസം എന്ന സമയപരിധിയിൽ നിന്ന് 12 ദിവസങ്ങൾ ചെലവഴിക്കപ്പെട്ടിരിക്കുന്നു. ബാക്കി 18 ദിവസങ്ങളുണ്ട്. ആ ദിവസങ്ങൾ count down ചെയ്യണമെങ്കിൽ അപേക്ഷകൻ പണമടച്ചിരിക്കണം. അപേക്ഷകൻ ഒക്ടോബർ 5 നേ പണമടച്ചുള്ളൂ എന്ന് വിചാരിക്കുക. എങ്കിൽ വിവരങ്ങൾ നൽകാനായി ഒക്ടോബർ 5 മുതൽ 18 ദിവസങ്ങൾ നിയമപരമായി പി.ഐ.ഒ.യ്ക്ക് ലഭിയ്ക്കും.*